LIBRARY ARCHIVES Kerala Legislative Assembly

പത്ത് വർഷത്തെ വൈദ്യുതി ആവശ്യകത മുന്നിൽക്കണ്ട് രൂപം നൽകിയ വൈദ്യുത പദ്ധതികൾ

151 (1114) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പത്ത് വർഷത്തെ വൈദ്യുതി ആവശ്യകത മുന്നിൽക്കണ്ട് ഏതൊക്കെ ബൃഹത് വൈദ്യുത പദ്ധതികൾക്കാണ് സർക്കാർ രൂപം നൽകിയിരുന്നത് :

(ബി) ഇവയിൽ ഏതെങ്കിലും പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി വൈദ്യുതി ഉല്പാദനം ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇത്തരം ബൃഹത് പദ്ധതി നടപ്പാക്കുന്നതിന് സമയബന്ധിതമായ പ്രവർത്തനക്രമീകരണം നിശ്ചയിച്ചിരുന്നുവോ ;

(ഡി) എങ്കിൽ പ്രസ്തുത സമയക്രമീകരണമനുസരിച്ച് ഇത്തരം പദ്ധതികളുടെ ഓരോ ഘട്ടങ്ങളും പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇല്ലെങ്കിൽ ഇത്തരം പദ്ധതികളുടെ നടത്തിപ്പിനുണ്ടാകുന്ന കാലതാമസത്തിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(എഫ്) പ്രസ്തുത ബൃഹത് പദ്ധതികൾ ഓരോന്നും ഉല്പാദനം ആരംഭിക്കാൻ എപ്പോൾ സജ്ജമാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പത്ത് വർഷത്തെ വൈദ്യുതി ആവശ്യകത മുന്നിൽക്കണ്ട് ചെറുകിട ജലവൈദ്യുത പദ്ധതികളും വൻകിട ജലവൈദ്യുത പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നതും വർക്ക് അവാർഡ് ചെയ്തതുമായ ജലവൈദ്യുത പദ്ധതികളുൾപ്പെടെ ആകെ 808.60 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കുവാനായി 45 ജലവൈദ്യുത പദ്ധതികൾ (ചെറുകിട ജലവൈദ്യുത പദ്ധതികൾ ഉൾപ്പെടെ) അടുത്ത 5 വർഷത്തിനുള്ളിൽ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. 1026 മെഗാവാട്ടിന്റെ സ്ഥാപിതശേഷിയുള്ളതും പ്രകൃതി വാതകം (LNG) ഇന്ധനമായി പ്രവൃത്തിക്കുന്നതുമായ ഒരു താപനിലയം ബ്രഹ്മപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇവ കൂടാതെ 2400 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഒരു താപനിലയം ചീമേനിയിൽ കെ.എസ്.ഇ.ബി./കെ.എസ്.ഐ.ഡി.സി. സംയുക്ത സംരംഭമായി ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്.

(ബി) പുഴിത്തോട് പദ്ധതിയുടെ ഒരു മെഷീൻ ഫെബ്രുവരി 19-ന് കമ്മീഷൻ ചെയ്യുവാൻ സാധിക്കുന്ന വിധത്തിൽ പണികൾ പുരോഗമിക്കുന്നു. നാന്നി പെരിനാട് പദ്ധതി മാർച്ച് 31-നകം കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുകയാണ്. മറ്റുള്ള പദ്ധതികളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) നിശ്ചയിച്ചിരുന്നു.

(ഡി&ഇ) പദ്ധതിയുടെ നടത്തിപ്പിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ താഴെപ്പറയുന്നവയാണ്:

1. കോടതി വ്യവഹാരങ്ങൾ
2. ലാന്റ് അക്യൂസിഷൻ
3. സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ്
4. കോൺട്രക്ട് തർക്കം/തൊഴിൽ പ്രശ്നങ്ങൾ
5. ജിയോളജിക്കൽ വ്യതിയാനങ്ങൾ

(എഫ്) അനുബന്ധം 1-ൽ കാണുക.*

മുഴുവൻ വൈദ്യുതി ഉപഭോക്താക്കൾക്കും മിനിമം സ്റ്റാറ്റ്യൂട്ടറി വോൾട്ടേജ്

152 (1115) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുഴുവൻ വൈദ്യുതി ഉപഭോക്താക്കൾക്കും മിനിമം സ്റ്റാറ്റ്യൂട്ടറി വോൾട്ടേജ് ലഭ്യമാക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ സംസ്ഥാന വൈദ്യുതി ബോർഡ് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി വൈദ്യുതി റെഗുലേറ്ററി അതോറിറ്റി എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് ;

(സി) ഈ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് ഇനിയും എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കേണ്ടത് എന്ന് വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly